LIBRARY ARCHIVES Kerala Legislative Assembly

തൽസമയം പരിശോധിക്കുന്നതിലൂടെ മദ്യത്തിൽ മായം ചേർക്കൽ, കള്ള്/മദ്യത്തിന്റെ വ്യാപനം എന്നിവ തടയൽ, മായം ചേർന്ന മദ്യം വിൽക്കുന്ന ലൈസൻസികൾക്കെതിരെ അടിയന്തര നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് തെക്കൻ മേഖലക്കായി ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് ആരംഭിക്കുകയും ആയതിലേക്കായി ഒരു ലാബ് അസിസ്റ്റന്റിനെയും ഒരു ജൂനിയർ സയന്റിഫിക്ക് ഓഫീസറുടെയും തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. ടി ലാബ് നിലവിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷം എറണാകുളം ജില്ല കേന്ദ്രീകരിച്ച് മധ്യമേഖലയിലും കോഴിക്കോട് ജില്ല കേന്ദ്രീകരിച്ച് ഉത്തരമേഖലയിലും സമാനമായ ഓരോ ലാബ് തുടങ്ങുന്നതിന് പ്ലാൻ ഫണ്ടിൽ 50 ലക്ഷം രൂപ (മധ്യമേഖലയ്ക്കുവേണ്ടി വാങ്ങിയ മിനി ബസിന്റെ ഫാബ്രിക്കേഷൻ വർക്കിനും കെമിക്കൽ വാങ്ങുന്നതിനുമായി 29 ലക്ഷം രൂപയും കോഴിക്കോട് കേന്ദ്രീകരിച്ച് ഉത്തരമേഖലയ്ക്ക് വേണ്ടി ലാബ് ആരംഭിക്കുന്നതിന് മിനി ബസ് വാങ്ങുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 21 ലക്ഷം രൂപയും) വകയിരുത്തുകയും ടി തുക ഉപയോഗപ്പെടുത്തി മധ്യമേഖല കേന്ദ്രീകരിച്ചുള്ള ഒരു മൊബൈൽ ലാബിന്റെ സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ആയതിലേക്ക് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ ഉത്തരമേഖല കേന്ദ്രീകരിച്ചുള്ള മൊബൈൽ ലാബിനുവേണ്ടി ഒരു മിനി ബസ് വാങ്ങിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം (2015-16) കോഴിക്കോട് ജില്ല കേന്ദ്രീകരിച്ച് വടക്കൻമേഖലയ്ക്കായി ഒരു മൊബൈൽ ലാബ് സജ്ജീകരിക്കുന്നതിന് വേണ്ടി വാങ്ങിയ മിനി ബസിന്റെ ഫാബ്രിക്കേഷൻ വർക്കിനും അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സ്പിരിറ്റ് കടത്ത്

53(5638) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പിരിറ്റ് കടത്തിയതുമായി ബന്ധപ്പെട്ട എത്ര അബ്കാരി കേസുകൾ 1-7-2011 മുതൽ 30-6-2015 വരെ രജിസ്റ്റർ ചെയ്യുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഓണം സീസണിൽ വ്യാജ വിദേശമദ്യ നിർമ്മാണവും വിപണനവും തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്പിരിറ്റ് കടത്തിയതുമായി ബന്ധപ്പെട്ട്, 171 അബ്കാരി കേസുകളാണ് 1-7-2011 മുതൽ 30-6-2015 വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി കേസുകളിലായി 1,06,662 ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തിട്ടുള്ളത്.

(ബി) ഓണാഘോഷവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 5-8-2015 മുതൽ 4-9-2015 വരെയുള്ള കാലയളവ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി കാലയളവിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനും എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനുമായി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് വിഭാവനം ചെയ്യുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റ് ഉൾപ്പെടെയുള്ളവ കടത്തിക്കൊണ്ടുവന്ന് വ്യാജമദ്യ ഉൽപാദനവും വിപണനവും നടത്തുവാൻ സാധ്യതയുള്ളതിനാൽ ചെക്ക് പോസ്റ്റുകളിലൂടെയും അതിർത്തി റോഡുകളിലൂടെയും കടന്നുവരുന്ന വാഹനങ്ങൾ യാതൊരു പഴുതും ഇല്ലാത്തവിധം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ രാത്രി കാല പട്രോളിംഗ് ശക്തിപ്പെടുത്തുന്നതാണ്. എല്ലാ ഡിവിഷൻ ഓഫീസുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പ്രവർത്തിക്കുന്നതും പരാതികൾ അറിയിക്കുന്നതിനായി കൺട്രോൾ റൂം ടെലിഫോൺ നമ്പരുകൾ പൊതുജനങ്ങളുടെ അറിവിലേക്കായി അച്ചടി-ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലുൾപ്പടെ പ്രസിദ്ധീകരിക്കുന്നതുമാണ്.

എല്ലാ ഡിവിഷനുകളിലും രണ്ട് വീതം സ്ട്രൈക്കിംഗ് ഫോഴ്സ് പാർട്ടികൾ പ്രവർത്തിപ്പിക്കുന്നതും ടി സ്ട്രൈക്കിംഗ്ഫോഴ്സ് പാർട്ടികൾ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം രാത്രി കാലങ്ങളിൽ പട്രോളിംഗ് നടത്തി, വ്യാജങ്ങൾ കടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന നടത്തുന്നതുമാണ്. എല്ലാ ഡിവിഷനുകളിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ/ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ജില്ലാതല കോമ്പിംഗ് ഓപ്പറേഷനുകൾ സംഘടിപ്പിക്കുന്നതുമാണ്. പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതും എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ തടയുന്നതിനായി "ഷാഡോ എക്സൈസ്" ഉൾപ്പടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നതുമാണ്. കള്ളുഷാപ്പുകളിൽകൂടി കൃത്രിമ കള്ള് വിൽക്കുവാൻ സാധ്യതയുള്ളതിനാൽ കള്ളുഷാപ്പുകളിൽ നിരന്തര പരിശോധന നടത്തുന്നതും സംശയമുള്ള കള്ളുഷാപ്പുകളിൽനിന്നും സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്. പോലീസ്/റവന്യൂ/വനം എന്നീ വകുപ്പുകളുമായി സഹകരിച്ച് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തുന്നതാണ്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുന്നതും റെയിൽവേ സ്റ്റേഷൻ, പാഴ്സൽ സർവ്വീസ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധന ശക്തിപ്പെടുത്തുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly